ഏലം വനമേഖലയിലെ അനധികൃത കയ്യേറ്റം

18 [*T149] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:

,, പി. സി. ജോർജ്:

,, കെ. കെ. ജയചന്ദ്രൻ:

,, എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏലം വനമേഖലയിൽ അനധികൃത കയ്യേറ്റം നടത്തിയവർക്ക് മുൻതീയതിവച്ച് കൂടിയേറ്റ രേഖ അനുവദിച്ച് വനഭൂമി പതിച്ച് നൽകാനുള്ള നീക്കം നടക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) 1977 ജനുവരി ഒന്നിനുമുമ്പ് നടന്ന എല്ലാ കൂടിയേറ്റങ്ങളും റവന്യൂ, വനം എന്നീ വകുപ്പുകൾ സംയുക്ത പരിശോധന നടത്തി നിയമാനുസൃതമാക്കിയിരുന്നോ :

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ;

(ഡി) ഇതിന്റെ അടിസ്ഥാനത്തിൽ എത്ര ഹെക്ടർ വനഭൂമിക്ക് പട്ടയം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) 1980 ക്ടോബർ 25-ന് ശേഷം നടത്തിയ അനധികൃത കയ്യേറ്റങ്ങളും പട്ടയം നൽകലും റദ്ദാക്കണമെന്ന സുപ്രീംകോടതി എംപവേർഡ് കമ്മിറ്റിയുടെ നിർദ്ദേശം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(എഫ്) എങ്കിൽ പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ഇല്ല.

(ബി & സി) 1-1-1977-ന് മുമ്പ് നടന്ന വനഭൂമി കയ്യേറ്റങ്ങളിൽ റവന്യൂ, വനം വകുപ്പുകൾ സംയുക്ത പരിശോധന നടത്തി വരുന്നുണ്ട്. സംയുക്ത പരിശോധന പൂർത്തിയാക്കി വിശദമായ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിനു സമർപ്പിച്ച് അനുമതി നേടിയാൽ മാത്രമേ പട്ടയം നൽകാൻ സാധിക്കുകയുള്ളൂ. ഇപ്രകാരം കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ച 28588.159 ഹെക്ടർ ഭൂമിക്ക് കൊല്ലം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ ജില്ലകളിലായി പട്ടയം നൽകി വരുന്നുണ്ട്.

(ഡി) 1993-ലെ പ്രത്യേക ചട്ടങ്ങൾ പ്രകാരം കൊല്ലം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിലായി 12113.338 ഹെക്ടർ വനഭൂമിക്ക് പട്ടയം നൽകിയിട്ടുണ്ട്.

(ഇ) ഇതു സംബന്ധിച്ച് ഐ. എ. 307 എന്ന പരാതി എംപവേർഡ് കമ്മിറ്റിയുടെ മുൻപാകെ ഉണ്ട്.

(എഫ്) പ്രസ്തുത കേസിൽ സർക്കാർ വിശദമായ സത്യവാങ്മൂലം സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

'T' ഇന്നത്തേക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.

GPM. 2/153/2013—7

LIBRARY ARCHIVES Kerala Legislative Assembly